പരിചയം



# ലോകമേ തറവാട്

എത്രയാവണം നമ്മുടെ വീടിന്റെ വലിപ്പം?

"നമ്മുടെ ഏറ്റവും വലിയ ശത്രുവിനെ കൂടി മാന്യമായി സൽക്കരിച്ചിരുത്തുവാനുള്ളത്ര വലിപ്പം" എന്ന ഉത്തരം ഈ ചോദ്യത്തിന് ഒരാൾ നൽകുന്നുവെങ്കിൽ അയാളൊരു പക്ഷേ കഞ്ഞിപ്പാടത്തെ പങ്കജാക്ഷക്കുറുപ്പായിരിക്കാം. കാരണം വീടിന്റെ വലിപ്പം ഈ വിധത്തിൽ നിശ്ചയിക്കുന്ന കുടുംബനാഥന്മാർ നമുക്ക് അത്രയധികമില്ല.

"ഈ ഭൂമി വീട്ടിലെ ഓരോരുത്തർക്കും അവകാശപ്പെട്ടതാണ്. ഇവിടെ നമുക്കെല്ലാവർക്കും കഴിക്കാൻ വേണ്ടതിലധികമുണ്ട്. വായു ശ്വസിച്ച് തീർക്കുവാനോ വെള്ളം കുടിച്ച് തീർക്കുവാനോ കായ്കനികളും ധാന്യങ്ങളും തിന്നു തീർക്കുവാനോ നമുക്ക് സാധ്യമല്ല. നമുക്ക് താമസിക്കാൻ എത്രയോ കുറച്ച് സ്ഥലം മതി. എത്ര വിസ്തൃതമാണ് നമ്മുടെ ആകാശവും ഭൂമിയും." മത്സരത്തിലധിഷ്ഠിതമായ ജീവിതം വഴി ഹൃദയച്ഛേദം സംഭവിച്ച നമ്മളുടെ രോഗത്തിനുള്ള ഒന്നാന്തരം ചികിത്സയാകുന്നു പങ്കജാക്ഷക്കുറുപ്പിന്റെ ദർശനം.

"എന്റെ ആൾക്കാരാണ് എല്ലാവരും, ഞങ്ങൾ പരസ്പരം കണ്ടറിയുന്നില്ലെങ്കിലും ഞങ്ങൾ ഒരേ കുടുംബത്തിൽ ഒരേ സംരക്ഷണയിൽ വളരുന്ന ഓമനകളാണ് എന്ന വികാരം കുട്ടികളിൽ വളർന്നു വരാനുതകുന്ന കളരികളായിരുന്നു ഉണ്ടാകേണ്ടിയിരുന്നത്. സത്യമതായതുകൊണ്ട് ലോകത്തിന്റെ മുക്കിലും മൂലയിലും കാലപ്രവാഹത്തിനിടയിൽ 'നാം ഒന്നാണ്' എന്ന ശബ്ദവും മുഴങ്ങാതിരുന്നില്ല. എന്നാൽ ബഹുജനങ്ങളെ രൂപപ്പെടുത്തിയ ശബ്ദം അകന്നുനിന്നു പോരടിച്ചു വെട്ടിപ്പിടിക്കുന്നതിന്റേതായിരുന്നു. 'എല്ലാം എനിക്കായിരിക്കണം' എന്ന് ഓരോരുത്തരും ആഗ്രഹിക്കുകയും അതിനു വേണ്ടി മരിച്ചു പോരാടാൻ തീരുമാനിക്കുകയും ചെയ്താൽ ആ കുടുംബത്തിന്റെ അവസ്ഥ എന്താകും?"

'ഞാനും എന്റെ ഭാര്യയും പിന്നെ ഒരു തട്ടാനും' എന്ന ചിന്തയിലേക്കു ചുരുങ്ങിപ്പോയ കുടുംബനാഥന്മാരുടെ ഈ സാക്ഷരപ്രബുദ്ധകേരളത്തിൽ ഇപ്രകാരം ആകുലപ്പെടുന്ന ഒരു കുടുംബനാഥൻ കേരളത്തിന്റെ സുകൃതമാകുന്നു.

ലോകമേ തറവാട് എന്ന ഉപനിഷദ് ദർശനത്തെ ഇന്നത്തെ അയൽക്കൂട്ടസങ്കല്പത്തിലൂടെ സാക്ഷാത്കരിക്കുവാനുള്ള ശ്രമങ്ങൾ ജീവിത വ്രതമാക്കിയ വ്യക്തിയാണ് പങ്കജാക്ഷക്കുറുപ്പ്. അയൽക്കൂട്ട സംസ്കാരത്തിന്റെ കേരളത്തിലെ ഉപജ്ഞാതാവ് എന്നും ഇദ്ദേഹത്തെ വിളിക്കാം.

ആരോഗ്യം ശരീരത്തിനു മാത്രം പോരാ, മനസ്സിനും സമൂഹത്തിനും വേണം. അത്തരമൊരു ശ്രമത്തിലാണ് ആലപ്പുഴ കഞ്ഞിപ്പാടം സ്വദേശിയായ ഡി. പങ്കജാക്ഷക്കുറുപ്പ്.

# ദുർബലജീവിതങ്ങൾക്കായി അഭയം

വാക്ക് അതിന്റെ പൊരുൾ തേടി- എത്തുന്ന അപൂർവ്വം ചില ഇടങ്ങളുണ്ട്. പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമത്തിൽ അങ്ങിനെയുള്ള ഒരിടമാണ് "അഭയം" - അഭയത്തിന്റെ വാഗാർത്ഥങ്ങൾ ഇടകലർന്ന - ഒരു മനുഷ്യനും ഇവിടെയുണ്ട് "കൃഷ്ണൻ". ജീവിതത്തിന്റെ മത്സരക്കുതിപ്പിൽ ഓരങ്ങളിലേക്ക് തൊഴിച്ചെറിയപ്പെടുന്ന ദുർബല ജീവിതങ്ങളെ താങ്ങിയെടുത്ത് സ്നേഹസ്പർശത്തിലൂടെ അവന് പുതുജന്മം നൽകുന്നു- ഈ മനുഷ്യൻ.

പട്ടാമ്പി-പെരിന്തൽമണ്ണ സംസ്ഥാന പാതയിൽ കൊപ്പം പട്ടണത്തിലെത്തുംമുമ്പ് നിരത്തുവക്കിൽ ഗ്രാമത്തിലേക്കു നീളുന്ന ഉൾവഴിക്കുമുന്നിൽ അഭയത്തിന്റെ ബോർഡ് കാണാം. അഭയം ചെയ്യുന്ന നിരവധി ജീവകാരുണ്യ-ഗ്രാമപുനരുദ്ധാരണ സന്നദ്ധ പ്രവർത്തനങ്ങൾ അടുത്തറിയുമ്പോൾ, ആ മണ്ണിനേയും, മനുഷ്യരെയും അറിയുമ്പോഴാണ് അഭയം എന്തെന്ന് നമ്മളറിയുക.

ജാതിക്കും മതത്തിനും അതീതമാണ് അഭയത്തിന്റെ പ്രവർത്തനം. പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് അഞ്ചുകുട്ടികളുമായി ആരംഭിച്ച അഭയത്തിൽ ഇന്ന് അനാഥരും, ദരിദ്രരും, മന്ദബുദ്ധികളും, മാനസിക രോഗികളും, വൃദ്ധരുമടങ്ങുന്ന അമ്പതിലധികം അന്തേവാസികളുണ്ട്. രണ്ടു ഡസനോളം വൈവിധ്യമാർന്ന മേഖലകളിൽ പ്രവർത്തനങ്ങൾ വ്യാപിച്ചുകിടക്കുന്ന അഭയം, നിരവധി സർക്കാർ - സർക്കാരിതര സ്ഥാപനങ്ങളുമായി- ബന്ധപ്പെട്ടു കിടക്കുന്നുണ്ടെങ്കിലും ഒട്ടും തന്നെ സ്ഥാപനവൽക്കരിക്കപ്പെട്ടിട്ടില്ല എന്നത് ഈ പ്രസ്ഥാനത്തിന്റെ ഒരു സവിശേഷതയാണ്. യാതൊരുവിധ സർക്കാർ ധനസഹായമോ, വിദേശസഹായമോ ആശ്രയിക്കാത്ത ഈ സംഘടന പൂർണ്ണമായും, അഭ്യുദയകാംക്ഷികളുടേയും, നാട്ടുകാരുടെയും സഹായസഹകരണങ്ങൾ കൊണ്ടാണ് പ്രവർത്തിച്ചുവരുന്നത്.

യോഗ, പ്രകൃതി ജീവനം, മാനസികരോഗികൾക്കും, മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പരിശീലനം 'പുഷ്പ ചികിത്സ', നൃത്തം സംഗീതം, ചെണ്ട, കളരി, മുതലായവ ഇവിടുത്തെ അന്തേവാസികളുടെ മനസിന് പുതുജീവൻ നൽകുന്നു.

സോപ്പ്, ചന്ദനത്തിരി, നോട്ടു പുസ്തകം, കളിമൺ ശില്പങ്ങൾ, കരകൗശലം, ഔഷധപൽപ്പൊടി തുടങ്ങിയവയുടെ നിർമ്മാണ വിതരണവും, ഔഷധ ഫലവൃക്ഷ നെഴ്സറിയും അഭയം പരീക്ഷിക്കുന്ന സ്വാശ്രയ ബദലുകളാണ്.

വള്ളുവനാട്ടിലെ ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കളിൽ പ്രമുഖനും, യോഗക്ഷേമ സഭയിലെ മുൻനിരക്കാരനുമായിരുന്ന സഖാവ് പള്ളത്തിന്റെയും, ആര്യാപള്ളത്തിന്റെയും പുത്രനാണ് കൃഷ്ണൻ. കൃഷ്ണന്റെ പത്നി കുമാരി മക്കൾ അമ്മു, അപ്പു എന്നിവർ. കനാറാബാങ്കിന്റെ സന്നദ്ധസേവന വളണ്ടിയറായി ഡെപ്യൂട്ടേഷനിൽ- പ്രവർത്തിക്കുന്നുമൂലം ഉദ്യോഗവും, സാമൂഹ്യസേവനവുമായി ഒരുമിച്ച് പ്രവർത്തിക്കാൻ കൃഷ്ണന് സാധിക്കുന്നു.

അഭയം ട്രസ്റ്റിന്റെ ഡയറക്ടറായിരിക്കുന്നതോടൊപ്പം ജനകീയാസൂത്രണം സാക്ഷരത, പരിസ്ഥിതി, ജൈവകൃഷി, പ്രകൃതി ജീവനം, കലാ-സാംസ്കാരികം തുടങ്ങി നിരവധി മേഖലകളിൽ നിറഞ്ഞ സാന്നിദ്ധ്യവുമായി കൃഷ്ണൻ പ്രവർത്തിക്കുന്നു.

ലളിത ജീവിതം, ഗ്രാമീണമായ ഉല്പാദനവും - ഉപഭോഗവും, പരസ്പര പ്രതിബദ്ധത, ശക്തമായ അയൽക്കൂട്ടങ്ങൾ എന്നിവയിലൂടെ, നഷ്ടമാകുന്ന സ്വാശ്രയത്വവും, അറ്റുപോകുന്ന മനുഷ്യബന്ധങ്ങളെ വീണ്ടെടുക്കാമെന്നും ഇന്ത്യയുടെ ഗ്രാമങ്ങളെ ശക്തിപ്പെടുത്തി ആഗോളവൽക്കരണത്തെ ചെറുക്കണമെന്നും കൃഷ്ണൻ പ്രത്യാശിക്കുന്നു. ഈ രാഷ്ട്രീയാശയം പ്രചരിപ്പിക്കുവാനുള്ള സമരമുറ കൂടിയാണ് കൃഷ്ണന് 'അഭയം'.